File No.FWLD-F1/15/2017-FWLD

12253
2/6/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന ശ്രീ. ടി.ആർ. രമേശിനെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ)/27/2017/വനം തിരുവനന്തപുരം,തീയതി, 26/05/2017

പരാമർശം:- 1. 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.
2. 28/12/2015 ലെ സ.ഉ (എം.എസ്)നം.110/2015/വനം നമ്പർ ഉത്തരവ്.
3. ശ്രീ.ടി.ആർ. രമേശ് 01.08.2016-ൽ ബഹു വനം വകുപ്പ് മന്ത്രിക്കു നൽകിയ നിവേദനം.
4. ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 08.01.2017-ലെ ഇ6/39615/16നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ 01/09/2013-ൽ 2 0 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 234 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് പരാമർശം 1 , 2 ലെ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 1998 മുതൽ മാർച്ച് മാസം 31-ാം തിയതി വരെ പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ വയർലസ് ഓപ്പറേറ്ററായും പ്രൊട്ടക്ഷൻ മസ്ദൂർ ആയും താത്ക്കാലിക വാച്ചറായും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആളാണ് ശ്രീ. ടി ആർ രമേശ്. എന്നാൽ സ്ഥിരപ്പെടുത്തുന്നതിനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ശ്രീ.ടി.ആർ. രമേശ് സേവനത്തിൽ ഇല്ലാതിരുന്നതിനാൽ ടിയാന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിനെതിരെ ശ്രീ. ടി.ആർ. രമേശ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 901/15 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും ടി കേസിലെ 05.10.2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും ടിയാനെ വനം വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

2. എന്നാൽ 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ വയർലസ് ഓപ്പറേറ്ററായും പ്രൊട്ടക്ഷൻ മസ്ദൂർ ആയും താത്ക്കാലിക വാച്ചറായും പെരിയാർ

ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന താൻ മാതാപിതാക്കളുടെ ചികിത്സയുമായി ബന്ധപ്പെട്ട്, റെയിഞ്ച് ഓഫീസർക്ക് രേഖാമൂലം കത്ത് നൽകി അവധിയിൽ പ്രവേശിക്കുകയായിരുന്നുവെന്നും, അവധി കഴിഞ്ഞു തിരികെ വന്നപ്പോൾ ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല എന്നും, 14/05/2015 ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ 01.09.2013 -ൽ 2 0 വർഷത്തിലധികം സേവനമുള്ള ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹനായിരുന്നുവെന്നും, ടി ഉത്തരവ് തിയതിയിൽ സേവനത്തിൽ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത് എന്നും ആയതിനാൽ വനം വകുപ്പിൽ തുടർച്ചയായി 2 4 വർഷം സേവന ചെയ്തിട്ടുള്ള തന്നെയും സ്ഥിരപ്പെടുത്തണമെന്നും ശ്രീ ടി ആർ രമേശ് പരാമർശം 3 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3 . ശ്രീ.ടി.ആർ. രമേശ് 11/1988 മുതൽ 01/13 വരെ 2 4 വർഷവും രണ്ട് മാസവും തുടർച്ചയായി ജോലി ചെയ്തിട്ടുള്ളയാളാണെന്നും അതിനുശേഷം ജോലിക്ക് ഹാജരായിട്ടില്ല എന്നും നിലവിൽ, പമ്പ റെയിഞ്ചിൽ 2016 ജൂലൈ മുതൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുകയാണെന്നും, 24വർഷം തുടർച്ചയായി വനം വകുപ്പിൽ ജോലി നോക്കിയിട്ടുള്ള ശ്രീ.ടി.ആർ. രമേശ് സർക്കാർ ഉത്തരവ് കാലയളവിൽ സർവ്വീസിൽ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയത് എന്നും, ആയതിനാൽ ടിയാന്റെ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ പുനഃപരിശോധന നടത്തണമെന്നും ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം 4 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർ ശം 1 , 2 ലെ ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്നവരെ സ്ഥിരപ്പെടുത്തിയപ്പോൾ ഉത്തരവ് തീയതിയിൽ സേവനത്തിലു-ണ്ടായിരുന്നില്ല എന്ന കാരണത്താലാണ് ശ്രീ. ടി ആർ രമേശ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയത്. എന്നാൽ ഉത്തരവ് തീയതിയിൽ ജീവനക്കാരൻ സേവനത്തിലുണ്ടായിരിക്കണം എന്ന വ്യവസ്ഥ 14/05/2015 ലേയും 28/12/2015ലേയും സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. 01/09/2013ൽ തുടർച്ചയായി 2 0 വർഷം സേവനം ഉണ്ടായിരിക്കണം എന്ന് മാത്രമെ ടി ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിരുന്നുള്ളു. 01/09/2013 ൽ ശ്രീ. ടി ആർ രമേശിന് 2 4 വർഷം സർവ്വീസുണ്ട്. ആയതിനാൽ ടിയാനും സ്ഥിരപ്പെടുത്തുന്നതിന് അർഹനായിരുന്നു.

5. മേൽ സാഹചര്യത്തിൽ നിലവിൽ വനം വകുപ്പിൽ പമ്പ റേഞ്ചിൽ 2016 ജൂലൈ മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നതും, 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ വയർലസ് ഓപ്പറേറ്ററായും പ്രൊട്ടക്ഷൻ മസ്ദൂർ

ആയും താത്ക്കാലിക വാച്ചറായും പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ തുടർച്ചയായി 24വർഷം ജോലി ചെയ്തിരുന്നതുമായ ശ്രീ. ടി.ആർ. രമേശിനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. ടി.ആർ. രമേശിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.മാര പാണ്ഡ്യൻ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. ടി.ആർ. രമേശ് (അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖാന്തരം ).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Agri-A2/18/2017/Fin dated 25.02.2017 & 25/05/2017).
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 1000, തീയതി 10.05.2017).
വെബ് & ന്യൂ മീഡിയ.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

Signature valid

Digitally signed by SAJEEVAN M K
Date: 2017.05.26 1?:53:51 IST
Reason: Approved

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-05-2017**

DS II
ഫയൽ നം.15/എഫ്1/2017/വനം — ഇനം നം: 1000

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ 1988 മുതൽ 2014 മാർച്ച് മാസം 31-ാം തീയതി വരെ പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന ശ്രീ. ടി.ആർ. രമേശിനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം.

11/5

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 15/എഫ്1/17/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന ശ്രീ. ടി.ആർ. രമേശിനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01/04/2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പി. മാരപാണ്ഡ്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/04/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/04/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/05/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/05/2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തിരുന്ന ശ്രീ. ടി.ആർ. രമേശിനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 234 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം, 28/12/2015 ലെ സ.ഉ (എം.എസ്)നം.110/2015/വനം നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്ഥിരപ്പെടുത്തുന്നതിനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ശ്രീ.ടി.ആർ. രമേശ് സേവനത്തിൽ ഇല്ലാതിരുന്നതിനാൽ ടിയാന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

3. ഇതിനെതിരെ ശ്രീ. ടി.ആർ. രമേശ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 901/15 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും ടി കേസിലെ 05.10.2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും ടിയാനെ വനം വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

4. എന്നാൽ ശ്രീ. ടി.ആർ. രമേശ് 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ വയർലസ് ഓപ്പറേറ്ററായും പ്രൊട്ടക്ഷൻ മസ്ദൂർ ആയും താത്ക്കാലിക വാച്ചറായും പെരിയാർ ടൈഗർ റിസർവ്വിന്റെ

ഈസ്റ്റ് വെസ്റ്റ് ഡിവിഷനുകളിൽ തുടർച്ചയായി ജോലി ചെയ്തിട്ടുള്ള ആളായിരുന്നുവെന്നും, തുടർന്ന് അച്ഛന്റെയും അമ്മയുടേയും ചികിത്സയുമായി ബന്ധപ്പെട്ട്, റെയിഞ്ച് ഓഫീസർക്ക് രേഖാമൂലം കത്ത് നൽകി അവധിയിൽ പ്രവേശിക്കുകയും, എന്നാൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല എന്നും ആയതിനാൽ സർക്കാർ ഉത്തരവ് GO (MS) No.29/15/വനം, തിയതി 14/05/2015 പ്രകാരം 01/09/2013 ൽ തുടർച്ചയായി 20 വർഷം പൂർത്തിയാക്കിയ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ ടി ഉത്തരവ് തിയതിയിൽ സേവനത്തിൽ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നത് എന്നും ആയതിനാൽ വനം വകുപ്പിൽ തുടർച്ചയായി 24 വർഷം സേവന ചെയ്തിട്ടുള്ള തന്നെ സ്ഥിരപ്പെടുത്തണമെന്നും ശ്രീ ടി ആർ രമേശ് അപേക്ഷിക്കുകയുണ്ടായി.

5. ശ്രീ.ടി.ആർ. രമേശ് 11/1988 മുതൽ 01/13 വരെ 24 വർഷവും രണ്ട് മാസവും തുടർച്ചയായി ജോലി ചെയ്തിട്ടുള്ളയാളാണെന്നും അതിനുശേഷം ജോലിക്ക് ഹാജരായിട്ടില്ല എന്നും നിലവിൽ, പമ്പ റെയിഞ്ചിൽ (2016 ജൂലൈ മുതൽ) ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുകയാണെന്നും, 24 വർഷം തുടർച്ചയായി വനം വകുപ്പിൽ ജോലി നോക്കിയിട്ടുള്ള ശ്രീ.ടി.ആർ. രമേശ് സർക്കാർ ഉത്തരവ് കാലയളവിൽ സർവ്വീസിൽ ഇല്ലാതിരുന്നതിനാലാണ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയത് എന്നും, ആയതിനാൽ ടിയാന്റെ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ പുനഃപരിശോധന നടത്തണമെന്നും ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്യുകയുണ്ടായി.

6. 14.05.2015-ലെ സ.ഉ (എം.എസ്) നം.29/2015/വനം, 28/12/2015

ലെ സ.ഉ (എം.എസ്) നം.110/2015/വനം എന്നീ ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്നവരെ സ്ഥിരപ്പെടുത്തിയപ്പോൾ ഉത്തരവ് തീയതിയിൽ സേവനത്തില്ലുണ്ടായിരുന്നില്ല എന്ന കാരണത്താലാണ് ശ്രീ. ടി ആർ രമേശ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയത്. എന്നാൽ ഉത്തരവ് തീയതിയിൽ ജീവനക്കാരൻ സേവനത്തില്ലുണ്ടായിരിക്കണം എന്ന വ്യവസ്ഥ 14/05/2015 ലേയും 28/12/2015 ലേയും സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. 01/09/2013 ൽ തുടർച്ചയായി 20 വർഷം സേവനം ഉണ്ടായിരിക്കണം എന്ന് മാത്രമെ ടി ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിരുന്നുള്ളു. 01/09/2013 ൽ ശ്രീ. ടി ആർ രമേശിന് 24 വർഷം സർവ്വീസുണ്ട്. ആയതിനാൽ ടിയാനും സ്ഥിരപ്പെടുത്തുന്നതിന് അർഹനായിരുന്നു.

7. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"ശ്രീ. ടി ആർ രമേശിനെ സ്ഥിരപ്പെടുത്തുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണ വകുപ്പിനെ ഉപദേശിക്കുന്നു"

8. എന്നാൽ വനം വകുപ്പിൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ 14/05/2015, 28/12/2015 തിയതികളിലെ യഥാക്രമം സ.ഉ (എം.എസ്) നമ്പർ 29/2015/വനം, സ.ഉ (എം.എസ്) നമ്പർ 110/2015/വനം ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയതിൽ വിട്ട് പോയ പതിനൊന്ന് പേരെ കൂടി സൂപ്പർ ന്യൂമററി വാച്ചർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലിൽ താൽക്കാലിക ജീവനക്കാരെ യാതൊരു കാരണവശാലും സർവ്വീസിൽ റഗുലറൈസ്

ചെയ്യുരുതെന്നും കൂടാതെ ഈ വകുപ്പ് മുമ്പ് സ്ഥിരപ്പെടുത്തിയ 234 താൽക്കാലിക ജീവനക്കാരുടെ നിയമനം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ State of Karnataka V/s Umadevi & Others എന്ന കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതാണെന്നും ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതേ അഭിപ്രായമാണ് നിയമവകുപ്പും അറിയിച്ചിട്ടുള്ളത്.

9. Civil Appeal 3595-3612 of 1999-State of Karnataka V/s Umadevi & Others എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 10/04/2006 ലെ വിധിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ 10 വർഷത്തിലധികമായി താത്ക്കാലിക സേവനമനുഷ്ഠിക്കുന്നവരെ ഒറ്റത്തവണ പരിഹാരമെന്ന നിലയിൽ (as a one time measure) 6 മാസത്തിനുള്ളിൽ സ്ഥിരപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഇടയ്ക്കിടെ താൽക്കാലിക നിയമനം നടത്തുകയും പിന്നീട് സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്നും വിധി ന്യായത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ച ആറു മാസ കാലാവധി 09/10/2006 ൽ അവസാനിച്ചു. ആയതിനാൽ 10/10/2006-നു ശേഷമുള്ള ഇത്തരത്തിലുള്ള സ്ഥിര നിയമനങ്ങൾ കോടതിയലക്ഷ്യത്തിലേക്ക് നയിച്ചേക്കാം.

10.ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

വനം വകുപ്പിൽ 1988 മുതൽ 2014 മാർച്ച് മാസം 31-ാം തിയതി വരെ വയർലസ് ഓപ്പറേറ്ററായും പ്രൊട്ടക്ഷൻ മസ്ദൂർ ആയും താത്ക്കാലിക വാച്ചറായും പെരിയാർ ടൈഗർ റിസർവ്വിന്റെ ഈസ്റ്റ് വെസ്റ്റ്

ഡിവിഷനുകളിൽ തുടർച്ചയായി ജോലി ചെയ്തിരുന്നതും, നിലവിൽ പമ്പ റേഞ്ചിൽ 2016 ജൂലൈ മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നതുമായ ശ്രീ. ടി.ആർ. രമേശിനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ?

- ശ്രീ. ടി.ആർ. രമേശിനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.